(സി) സാധാരണ മരണാനന്തര ധനസഹായമായി 15,000 രൂപയും അപകട മരണാനന്തര ധനസഹായമായി 1,00,000 രൂപയും നൽകിവരുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം 2005 മാർച്ച് മാസംവരെ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും പാസ്സാക്കി ധനസഹായം അനുവദിച്ചിട്ടുണ്ട്.

ബീഡി തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് നടപടി

65 [527] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഒരു ലക്ഷത്തോളം വരുന്ന ബീഡി തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) പ്രസ്തുത കുടിൽവ്യവസായം തുടർന്ന് നടത്താൻ സാധിക്കുമോ; ഇതിനായി എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബീഡി വ്യവസായത്തെ 1948-ലെ വേതന നിയമത്തിന്റെ പരിധിയിൽ വരുന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തി മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. സെൻട്രൽ ബീഡി വെൽഫെയർ സ്കീമിനു പുറമേ കേരള ബീഡി & സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് സ്കീം മുഖാന്തിരം തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. കേന്ദ്ര സർക്കാരിന്റെ 2004-ലെ ഇന്റഗ്രേറ്റഡ് ഹൗസിംഗ് സ്കീമിൽ ബീഡിത്തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് വകുപ്പും ദേശസാൽക്കൃത ബാങ്കുകളും സാമ്പത്തികസഹായം നൽകിവരുന്നുണ്ട്.

(ബി) പുകവലിക്കെതിരായുള്ള പ്രചാരണ പരിപാടികളുടെയും പുകവലി നിരോധനത്തിനുവേണ്ടിയുള്ള ഹൈക്കോടതി വിധിയുടെയും ഫലമായി ബീഡി വിൽപ്പന വളരെ കുറയുകയും ഈ വ്യവസായം പ്രതിസന്ധിയിലാവുകയും ചെയ്തിട്ടുണ്ട്. തുടർന്ന് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാത്ത അവസ്ഥയാണിന്നുള്ളത്.

ഈ പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ വ്യവസായ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി നിലവിൽ വന്നിട്ടുണ്ട്. ഈ കമ്മിറ്റി പ്രശ്നം പഠിച്ചുകൊണ്ടിരിക്കുകയാണ്.

ഇ. എസ്. ഐ. ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ

66 [528] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ എത്ര അപേക്ഷകൾ ഇത്തരത്തിൽ ഉണ്ട്;

GPM. 2/573/2012—16

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാലക്കാട് ജില്ലയിൽനിന്നും ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്കുവേണ്ടി കഴിഞ്ഞ 4 വർഷത്തിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവ ആരുടെയെല്ലാമാണെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് നൽകാമോ;

(സി) ഈ അപേക്ഷകളിൽ ഓരോന്നിനും എന്നത്തേക്ക് സഹായം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ ഓപ്പറേഷൻ കഴിഞ്ഞതിന്റെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നൽകേണ്ടത് ഏതെല്ലാം അപേക്ഷകളിലാണെന്നും അവയിൽ ഓരോന്നിലും എന്ത് തുകവീതം നൽകാനുണ്ടെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഫണ്ടിന്റെ അപര്യാപ്തതയും അപേക്ഷകളുടെ ബാഹുല്യവും നിമിത്തം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിവിധ തലങ്ങളിലായി നടപടികൾ നടന്നുവരുന്നതിനാൽ ഇത്തരത്തിൽ എത്ര അപേക്ഷകൾ ഉണ്ടെന്നതിന് വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 2000 രൂപയ്ക്കുമുകളിലുള്ള 35 ക്ലെയിമുകൾ ലഭ്യമായിട്ടുണ്ട്. അവയിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. ലഭ്യമായ ക്ലെയിമുകളിൽ വിവിധ തലങ്ങളിലായി നടപടിക്രമങ്ങൾ നടന്നുവരുന്നതിനാൽ, ഇവ ആരുടെതാണെന്ന് അറിയിക്കുക പ്രായോഗികമല്ല.

(സി) ലഭിച്ച അപേക്ഷകളിൻമേൽ സീനിയോറിറ്റി മുറയ്ക്ക്, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സഹായം നൽകിവരുന്നു.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഇ. എസ്. ഐ. സ്കീമിന്റെ പ്രവർത്തനങ്ങൾ

67 [529] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ പ്രദേശങ്ങളിലാണ് ഇ.എസ്.ഐ. സ്കീം പുതുതായി ബാധകമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്കീമിൽ എത്ര തൊഴിലാളികളാണ് നിലവിൽ അംഗങ്ങളായി ഉള്ളത് എന്ന് അറിയിക്കാമോ;

(സി) ഇതിനുകീഴിൽ എത്ര ഡിസ്പെൻസറികൾ, ആശുപത്രികൾ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ എന്നിവ പ്രവർത്തിക്കുന്നു; അവിടങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly